വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, 2004-2005 അദ്ധ്യയന വർഷത്തിൽ തസ്തിക നിർണ്ണയം പൂർത്തിയാക്കിയതിനു ശേഷമേ ഒഴിവുകൾ കൃത്യമായി കണക്കാക്കാൻ പറ്റുകയുള്ളു. ജൂലൈ മാസം 15-നാണ് തസ്തിക കൃത്യമായി നിർണ്ണയിക്കുന്നത്. സർക്കാർ സ്കൂളുകളിലെ അദ്ധ്യയനം മുടങ്ങാതെ നടത്തുന്നതിനു വേണ്ടിമാത്രമാണ് ദിവസക്കൂലി അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത്. പി.എസ്.സി. വഴിയും മറ്റും ഒഴിവുകൾ നികത്തുന്നതിന് കാലതാമസം വരുമ്പോഴാണ് ദിവസക്കൂലിയടിസ്ഥാനത്തിൽ നിയമിക്കുന്നത്. ഇത്തരത്തിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകരെ സ്ഥിരം നിയമനം കിട്ടിയ അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് പിരിച്ചുവിടുകയും ചെയ്യും. പി.എസ്.സി. നിയമനം വഴി നികത്തേണ്ട എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആ ഓർഡറിന്റെ കാര്യം ഞാൻ പരിശോധിക്കാം. ഏതായാലും പി.എസ്.സി. ലിസ്റ്റിലുള്ളവർക്ക് ഉടൻതന്നെ നിയമനം നൽകും.

## (4) മഞ്ചേരി നിയോജകമണ്ഡലത്തിലെ എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളായി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, എന്റെ നിയോജകമണ്ഡലത്തിലെ സർക്കാർ എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പണമില്ലാത്തതിന്റെ പേരിൽ, വാഹനത്തിൽ പോകാൻ കഴിയാത്തതിന്റെ പേരിൽ പ്രൈമറി വിദ്യാഭ്യാസമാകെ തകരാറിലായ ഒരു സ്ഥിതിവിശേഷമാണ് അവിടെയുള്ളത്. ചീക്കോട് പഞ്ചായത്തിലെ വാവൂർ, ആദിവാസികൾ താമസിക്കുന്ന തെഞ്ചേരി, അരിക്കോട് പഞ്ചായത്തിലെ സൗത്ത് പുത്താലം, മഞ്ചേരി മുനിസിപ്പാലിറ്റിയിലെ തോട്ടുപൊയിൽ, കാവനൂരിലെ തവരാപറമ്പ് എന്നീ പ്രദേശങ്ങളിൽ യു.പി. സ്കൂളുകൾ അനുവദിക്കണം. അങ്ങയുടെ തീരുമാനങ്ങളെ അംഗീകരിച്ചുകൊണ്ട് കോടതി വിധി വന്ന ഈ ദിവസം ഞാൻ അപേക്ഷിക്കുകയാണ്. എസ്.എസ്.എൽ.സി.-ക്ക് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഈ വർഷം പരീക്ഷയെഴുതിയത് മലപ്പുറം ജില്ലയിലാണ്. ഒരുകാലത്ത് ഏറ്റവും പുറകോട്ടായിരുന്ന ആ ജനവിഭാഗത്തെ കൈപിടിച്ചുയർത്തിയ മഹാനായ സി. എച്ച്. മുഹമ്മദ് കോയയുടെ പിൻഗാമിയാണെന്ന ഓർമ്മ അങ്ങേയ്ക്ക് വേണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് പ്രാഥമിക വിദ്യാഭ്യാസ രംഗത്തുള്ള ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും ദൂരീകരിച്ച് അടിയന്തിരമായി സർക്കാർ മേഖലയിലുള്ള എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളാക്കാൻ നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് മലപ്പുറം ജില്ലയിൽ മൊത്തത്തിലുള്ള പ്രശ്നമാണ്. എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളായി ഉയർത്തേണ്ടത് ആവശ്യമാണ്. സംസ്ഥാനത്തെ എയ്ഡഡ്-സർക്കാർ മേഖലയിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നയപരമായ ഒരു തീരുമാനമെടുത്തിട്ടില്ല. തീരുമാനമെടുക്കുന്ന മുറയ്ക്ക് മഞ്ചേരി നിയോജക മണ്ഡലത്തിലെ എൽ.പി. സ്കൂളുകളും യു.പി. സ്കൂളുകളായി ഉയർത്തുന്നതാണ്; അടുത്ത കൊല്ലം അനുവദിക്കാൻ വേണ്ടി ഇക്കൊല്ലം തന്നെ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly